(സി) മണ്ഡലം ആസ്ഥി വികസന പദ്ധതിയിൽപ്പെടുത്തി അനെർട്ടിന്റെ ചുമതലയിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന സൗരവൈദ്യുതീകരണ പദ്ധതിക്ക് ഭരണാനുമതിലഭിച്ചത് എന്നാണെന്നും ആയത് എല്ലുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാത്തതെന്നും പറയാമോ ?

ഉത്തരം

(എ) സാങ്കേതിക കാരണങ്ങളാൽ ചില പദ്ധതികൾക്ക് കാലതാമസം വരുന്നതായി കാണുന്നുണ്ട്.

(ബി) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(സി) അനെർട്ടിന്റെ ചുമതലയിൽ ചേർത്തല താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കുന്ന സൗര വൈദ്യുതീകരണ പദ്ധതിക്കായി 18-6-2013-ലെ G.O(Rt)2129/2013/ H&FWD. എന്ന ഉത്തരവുവഴി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ അനെർട്ടിന് ഡെപ്പോസിറ്റായി ലഭിക്കേണ്ടുക മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തെറ്റായി നൽകിയിരുന്നതിനാൽ ഈ തുക അനെർട്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തെറ്റായി നൽകിയിരുന്നതിനാൽ ഈ തുക അനെർട്ടിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി അനെർട്ട് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക 29-5-2015-ൽ മാത്രമാണ് അനെർട്ടിൽ ലഭ്യമായത്. ഇപ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്ന കാര്യത്തിൽ കാലതാമസം വന്നുവെങ്കിലും ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സൗരോർജ്ജ പവർപ്ലാന്റ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഇതു ലഭിച്ചു കഴിഞ്ഞാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക്

48 (4630) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർവ്വേ നടപടികൾ പൂർത്തീകരിച്ച് പദ്ധതിക്കുള്ളസ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതികൾക്കായി എറ്റെടുക്കുന്നതെന്നും എവിടൊക്കെയാണെന്നും വിശദീകരിക്കാമോ ;

(ഇ) ഈ പദ്ധതിപ്രകാരം ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിക്ക് ഒരു മെഗാവാട്ടിന് ഏഴുകോടി രൂപ പ്രകാരം ഇരുന്നൂറ് മെഗാവാട്ടിന് 1400 കോടി രൂപ മതിപ്പ് മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയും (സെക്കി) കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഒരു മെഗാവാട്ട് സോളാർ പദ്ധതി സ്ഥാപിക്കുവാനായി ഏകദേശം 5 ഏക്കർ ഭൂമി ആവശ്യമായിട്ടുണ്ട്. അതുപ്രകാരം കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പാർക്ക് സ്ഥാപിക്കുവാനായി 1000 ഏക്കർ ഭൂമി സർക്കാർ ലഭ്യമാക്കേണ്ടതുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) 200 മെഗാവാട്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

49 (4631) ശ്രീ. ജി. സുധാകരൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.

(എ) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണ് ; ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണ് ; ഇവയിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly